മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0006

# ദേശഭാഷയുടെ മൂർച്ചയും ജീവിതത്തിന്റെ വാർച്ചയും ‘മരണക്കൂട്ട്’ സൃഷ്ടിക്കുന്ന പൊളിച്ചെഴുത്തുകൾ

» ഡോ. ആംനസ് ബേബി

***പ്രബന്ധസംഗ്രഹം***

*പി. വിനുവിന്റെ ജീവിതത്തെ മുൻനിർത്തി പത്രപ്രവർത്തകൻ നിയാസ് കരീം തയ്യാറാക്കിയ മരണക്കൂട്ട് എന്ന കൃതി എപ്രകാരമാണ് ആത്മചരിത്രം, ജീവിതകഥ എന്നീ സാഹിത്യമേഖലകളെ നവീകരിക്കുന്നതെന്ന് അന്വേഷിക്കുകയാണ് പ്രബന്ധത്തിലൂടെ. സമകാലിക അവസ്ഥയിൽ അരികുവല്കൃത ജീവിതങ്ങൾ സാഹിത്യത്തിന്റെ പരിധിയിൽ ഇടപെടുന്നത് എപ്രകാരമാണെന്ന് അന്വേഷിക്കുന്നതിനോടൊപ്പം ആലങ്കാരികതകൾക്കപ്പുറം യാഥാർത്ഥ്യത്തിന്റെ നവീന സൗന്ദര്യസങ്കല്പങ്ങൾ ജീവിതമെഴുത്ത് സാഹിത്യത്തെ പരിഷ്കരിക്കുന്നതെങ്ങനെയെന്നും ഇവിടെ പരിശോധിക്കുന്നു. സജീവമായ ജീവിതദർശനത്തിന്റെ രൂപീകരണവും സഹജീവിതബോധത്തിന്റെ തെളിമയും മരണക്കൂട്ട് പറഞ്ഞുവയ്ക്കുന്നതെങ്ങനെ എന്നും ഇവിടെ വിശകലനം ചെയ്യുന്നു.*

***താക്കോൽവാക്കുകൾ***

*ജീവിതമെഴുത്ത്, ഭാഷ, യഥാതഥത്വം, അരികുവത്ക്കരണം, ജീവിതദർശനം*

.............................................................................................................................................................................

## ആമുഖം

മലയാളത്തിൽ രണ്ടായിരത്തിനുശേഷം ആത്മകഥാസാഹിത്യത്തിന് വലിയ ഉണർവ്വുണ്ടായിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. നളിനി ജമീലയുടെ ആത്മകഥ (ഞാൻ ലൈംഗികത്തൊഴിലാളി), മണിയൻപിള്ളയുടെ ആത്മകഥ (തസ്കരൻ), മദ്യപാനിയായ ജോൺസൺന്റെ ആത്മകഥ (കുടിയന്റെ കുമ്പസാരം), ജെറീനയുടെ ആത്മകഥ (ഒരു മലയാളി ഹിജഡയുടെ ആത്മകഥ), കല്ലേൽ പൊക്കുടന്റെ ആത്മകഥ (കണ്ടൽക്കാട്ടുകൾക്കിടയിൽ എന്റെ ജീവിതം), സിസ്റ്റർ ജെസ്മിയുടെ ആത്മകഥ (ആമേൻ), സിസ്റ്റർ ലൂസി കളപ്പുരയുടെ ആത്മകഥ (കർത്താവിന്റെ നാമത്തിൽ) എന്നിങ്ങനെ ഈ നിര നീണ്ടുപോകുന്നുണ്ട്. ഈ പട്ടികയിൽ നിലവിലുള്ള അവസാനത്തെ കണ്ണിയാണ് പി.വിനുവിന്റെ മരണക്കൂട്ട് – ഒരു ‘ശവംവാരി”യുടെ ആത്മകഥ. ഈ പട്ടിക അപൂർണ്ണമാണെങ്കിൽക്കൂടി ഈ കാലത്തിലെ ആത്മകഥാസാഹിത്യത്തിന്റെ പൊതുസ്വഭാവം വ്യക്തമാകുവാൻ ഇത് ധാരാളമെന്ന് പറയാം.
ഒന്നുകൂടി ഉറപ്പിച്ചു പറഞ്ഞാൽ പാരമ്പര്യത്തിന്റെ ഘടനയും രീതിയും ഭാഷയും ഉദ്ദേശലക്ഷ്യങ്ങളും മറികടക്കുകയും നവീകരിക്കുകയും ചെയ്ത, പൂർണ്ണമായും അതിൽ വിജയിച്ച അപൂർവ്വം സാഹിത്യശാഖകളിലൊന്ന് മേൽസൂചിപ്പിച്ച ആത്മകഥാസാഹിത്യമാണെന്ന് പറയാം. മരണക്കൂട്ട് എന്ന പുസ്തകവും ഈ രീതിയിൽ നവീനമായ ഒരു ഭാവുകത്വം സൃഷ്ടിക്കുന്നുണ്ട്. ജീവിതത്തിന്റെ വാർച്ചയെ മൂർച്ചയുള്ള ഭാഷയിൽ വിനു ഇവിടെ കോറിവരയ്ക്കുന്നു. വിനുവിന്റെ വിവരണങ്ങൾ ഏറെയും അജ്ഞാതനായ ഒരു തെരുവുചിത്രകാരന്റെ രചനകളെ ഓർമ്മിപ്പിക്കുന്നുണ്ട്. അവിടെ അപാരമായ വർണ്ണക്കൂട്ടുകളുടെ പൊലിമ കാണാനാകില്ല. പക്ഷേ, ആ ചിത്രകാരൻ തന്റെയും അയാളുടെ രചനയുടെയും നിസ്സാരതയെ തിരിച്ചറിയുമ്പോഴുണ്ടാകുന്ന തെളിച്ചത്തെ മുൻനിർത്തി ചുറ്റുമുള്ള പ്രതിബന്ധങ്ങളെ അവഗണിച്ച് അയാളുടെ കർമ്മം പൂർത്തിയാക്കുകയാണ്. അവിടെ ഒരുവിധ മത്സരങ്ങളോ അവകാശവാദങ്ങളോ കാണാനാകില്ല. അതേ നിസംഗതയും ബോധ്യങ്ങളുടെ തെളിച്ചവുമാണ് വിനുവിന്റെ വാക്കുകളിലുമുള്ളത്. പക്ഷെ, അത്യന്തം അനാഢംബരപൂർണ്ണമായ ആ പറച്ചിലുകൾക്ക് അസാധ്യമായ മൂർച്ചയും ആഘാതശേഷിയുമുണ്ട്. ഒരു പക്ഷേ, മരണക്കൂട്ട് എന്ന പ്രയോഗത്തേക്കാൾ ‘നെറി’യുടെ പുസ്തകം എന്ന് വായനക്കാരനെ ഓർമ്മിപ്പിക്കുവാൻ വിനുവിന് സാധിക്കുന്നുണ്ട്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

**ആത്മചരിത്രവും ജീവിതകഥയും – വാക്കിന്റെ കളികൾ**

ഒരാൾ മറ്റൊരാളോട് പറയുന്നതെന്തും കഥയായി മാറുമെന്നത് പറഞ്ഞുപഴകിയ തത്വമാണ്. ജീവചരിത്രം – ആത്മകഥ എന്നീ രണ്ട് സാഹിത്യശാഖകളിലും ഈ തത്വത്തിന് പക്ഷെ ഇപ്പോഴും പ്രസക്തിയുണ്ട്. ഒരു വ്യക്തി സ്വന്തം ജീവിതാവസ്ഥകളെ പറയുന്നതിനെ ആത്മകഥ എന്നാണ് വിശേഷിപ്പിക്കാറുള്ളത്. എന്നാൽ ഏതൊരാത്മകഥയും ഒരു വ്യക്തിയുടെ ചുറ്റുപാടുകളെക്കൂടി അടയാളപ്പെടുത്താറുണ്ട്; ബോധപൂർവ്വമല്ലെങ്കിൽക്കൂടി. അതായത് ആത്മകഥ എന്നത് സ്വന്തം ജീവിതംകൂടി ഉൾപ്പെടുന്ന ചരിത്രമായി പരിവർത്തനപ്പെടുന്നുണ്ട്. കഥയേക്കാൾ ചരിത്രത്തിന് ആധികാരികതയേറും. അങ്ങനെ നോക്കുമ്പോൾ ആത്മചരിത്രം എന്ന പ്രയോഗം കൂടുതൽ അനുയോജ്യമായി തീരുന്നുണ്ട്. “ആത്മകഥ സ്വകീയമായ അനുഭവജ്ഞാനത്തിന്റെ ആവിഷ്കരണമാകുന്നു” (പരമേശ്വരൻപിള്ള, എരുമേലി, 2019:658) എന്ന നിരീക്ഷണം ഈ വാദത്തെ കൂടുതൽ ശരിവയ്ക്കുന്നു. ഒരുവന്റെ ജീവിതത്തെ വസ്തുനിഷ്ഠതയോടെ നോക്കിക്കാണുന്ന ഒരു സ്രഷ്ടാവിന്റെ ഉല്പന്നമാണ് ജീവചരിത്രം. അത് മറ്റൊരാളുടെ ആഖ്യാനമാണ്. അതിൽ കാലവും സാഹചര്യങ്ങളും സന്ദർഭങ്ങളും കൃത്യതയോടെ വിവരിക്കപ്പെടുന്നു. പാരായണക്ഷമത വർദ്ധിപ്പിക്കാൻ നാടകീയതയും കൂട്ടിച്ചേർക്കപ്പെടുന്നു. അപ്പോൾ ജീവചരിത്രം ബഹുമുഖസാധ്യതയുള്ള, വിവിധ അടരുകൾ നിറഞ്ഞ കഥപറച്ചിലായി പരിവർത്തനപ്പെടുന്നുണ്ട്. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ ജീവചരിത്രകാരനെ വിവരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. “ജീവചരിത്രകാരൻ വലിയൊരളവിൽ സ്രഷ്ടാവാണ്” (രാമചന്ദ്രൻനായർ, പന്മന, 2010:920). “ജീവചരിത്രത്തിന് നോവലിനോട് സാധർമ്യമുണ്ടെ”ന്ന് (ജോർജ് കെ. എം., 2011:473) പവനനും നിരീക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ വിശ്വാസ്യതയുടെ ആണിക്കല്ലിൽ പടുത്തുയർത്തുന്ന ഈ രണ്ട് സാഹിത്യശാഖകൾക്കും മേൽസൂചിപ്പിച്ച പ്രയോഗങ്ങൾ യോജിക്കുന്നതാണെന്ന് സാരം.

ജീവചരിത്രമാണെങ്കിലും ആത്മകഥയാണെങ്കിലും അതിന്റെ ഭാഷയ്ക്ക് സവിശേഷസ്ഥാനമാണുള്ളത്. ഭാഷയുടെ തെളിവ് ഈ സാഹിത്യശാഖകൾക്ക് ആഢ്യത്വവും ആധികാരികതയും പകരുന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അനുകരണീയമാതൃകകളാണ് ഇരു സാഹിത്യശാഖകളും. മറ്റൊരുരീതിയിൽ കഥയായാലും ചരിത്രമായാലും അതിൽ ഭാഷയ്ക്ക് വലിയ സ്ഥാനമുണ്ട്. അതിലൂടെ സൃഷ്ടിച്ചെടുക്കുന്ന അപ്രമാധിത്യങ്ങൾക്ക് ചില ഉദ്ദേശങ്ങളുണ്ട്. ആഖ്യാനത്തിലുടനീളം പരീക്ഷിക്കപ്പെടുകയും വിജയിക്കുകയും ചെയ്യുന്ന ഈ ‘വാക്കിന്മേൽ കളി’ ഉദ്ദേശംവയ്ക്കുന്നത് ജീവിതനവീകരണം തന്നെ.

“ഉത്കർഷം പ്രാപിക്കുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗം ആദർശപുരുഷന്മാരുടെ മഹച്ചരിതങ്ങൾ പാരായണം ചെയ്യുകയാകുന്നു. ജീവിതചരിതങ്ങൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഒരാളിന് ഏതെങ്കിലും ഒരു മഹാനെപ്പോലെ തന്റെയും ജീവിതം നയിക്കണമെന്നു തോന്നാവുന്നതാണ്. ആ തോന്നലാകട്ടെ, മനോരാജ്യം, ആഗ്രഹം, ദൃഢവിചാരം, അചഞ്ചലത, നിശ്ചയം എന്നീ അവസ്ഥാന്തരങ്ങൾ തരണം ചെയ്ത് ജീവിതോദ്ദേശം എന്ന ഘട്ടത്തിൽ എത്തുമ്പോഴേക്കും സ്വാശ്രയശക്തിയ്ക്ക് അയാൾ പരമപ്രാധാന്യം നല്കും. ഉദ്ദേശശുദ്ധിയ്ക്കായി വിശ്രമം കൂടാതെ പരിശ്രമിക്കുന്നതിന് സന്നദ്ധനാകും. മാർഗമദ്ധ്യേ വന്നുചേരുന്ന പ്രതിബന്ധസഹസ്രങ്ങളോട് സധൈര്യം എതിരിട്ട് പോരാടും; അപജയങ്ങളും ആപത്തുകളും അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നാലും അവയിലൊന്നിലും മനം കലങ്ങാതെ ഭഗ്നാശനായി പിന്തിരിയാതെ മുന്നോട്ടു മുന്നോട്ടു പൊയ്ക്കോണ്ടിരിക്കും” (രാമചന്ദ്രൻനായർ, പന്മന, 2010: 911).

ഡോ. ബി.വി. ശശികുമാർ ഉദ്ധരിച്ച, എസ്. ജ്ഞാനസ്കന്ദയ്യരുടെ ഈ അഭിപ്രായത്തിൽനിന്നും കാര്യങ്ങൾ വളരെ വ്യക്തമാണ്. വരുംതലമുറയുടെ/പുതുതലമുറയുടെ ജീവിതത്തെ കൂടുതൽ കാര്യക്ഷമതയോടെ നേരിടുന്നതിന് പ്രേരകമായി വർത്തിക്കുക, അല്ലെങ്കിൽ അനുകരണീയ മാതൃകകളായി മാറുക എന്നതാണ് ആത്മകഥ–ജീവചരിത്രരചനകൾ ലക്ഷ്യമാക്കുന്നത്. ഇങ്ങനെ മികച്ച മാതൃകകളുടെ വിളനിലമായി മാറുന്നതുകൊണ്ടുതന്നെ ആത്മകഥ – ജീവചരിത്രസാഹിത്യമേഖല വരേണ്യതയുടെ അലങ്കാരങ്ങളിലേക്ക് ചേക്കേറി. സമൂഹത്തിലെ മുഖ്യധാരയിൽ എപ്പോഴും നന്മബിംബങ്ങളായി മാത്രം പ്രതിഷ്ഠിക്കപ്പെടുന്ന വ്യക്തിത്വങ്ങളുടെ ജീവിതങ്ങൾ മാത്രം ഇവിടെ വായിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ജീവിതനവീകരണത്തിന്റെ മെച്ചപ്പെട്ട സാമൂഹികലക്ഷ്യങ്ങളുടെ ഫലങ്ങൾ മൊത്തമായും ചില്ലറയായും വിതരണം ചെയ്യപ്പെടുന്ന ഒരു ഉട്ടോപ്യൻ സാഹിത്യലോകക്രമത്തിലേക്കാണ് നവയുഗത്തിന്റെ ആത്മകഥകൾ മറ്റൊരു ഭാവുകത്വം നിറച്ചത്. പരമ്പരാഗതമായി പറഞ്ഞുവന്ന നന്മയും സന്മനസ്സും കനിവും നിറഞ്ഞ ഒരു ലോകക്രമത്തെയല്ല അത് ചർച്ച ചെയ്തതെന്നും നിഷേധിക്കാനാവില്ല.

**ജീവിതമെഴുത്ത് – ജീവിതനവീകരണത്തിൽനിന്നും ജീവിതയാഥാർത്ഥ്യത്തിലേക്ക്**

ജീവിതനവീകരണവും ഉത്തമമാതൃകകളുമായി ഭൂരിപക്ഷവീക്ഷണത്തിന്റെ നന്മകളെ വിടാതെ ചർച്ചചെയ്തിരുന്ന ആത്മകഥ/ജീവചരിത്ര സാഹിത്യശാഖകൾ രണ്ടായിരമാണ്ടോടെ ഒരു വലിയ മാറ്റത്തിന് സാക്ഷ്യം വഹിച്ചു. ജീവിതനവീകരണത്തേക്കാൾ ഇനിയും പൊതുസമൂഹവും മുഖ്യധാരയും കണ്ടിട്ടും കാണാത്തമട്ടിൽ ഒഴിവാക്കുന്ന വിഷയങ്ങളെ, അവയുടെ പ്രതിനിധികളെ ജീവിതമെഴുത്ത് എന്ന സാഹിത്യശാഖ ചർച്ചയാക്കി. അതിന്റെ ഫലമായിരുന്നു പ്രബന്ധാരംഭത്തിൽ പറഞ്ഞുതുടങ്ങിയ ആത്മകഥകളുടെ പട്ടിക. അതുവരെ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിരുന്ന പ്രമുഖ കവിയുടെ/സാഹിത്യകാരന്റെ സർഗ്ഗാത്മക സഞ്ചാരങ്ങൾ, മുതിർന്ന രാഷ്ട്രീയ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

നേതാവിന്റെ ത്യാഗോജ്ജ്വല ജീവിതത്തിന്റെ അറിയാക്കഥകൾ എന്നിങ്ങനെ അവതരിപ്പിച്ചിരുന്ന ആത്മകഥകൾ പിന്നീട് അരികുജീവിതങ്ങളുടെ ചരിത്രമായി മാറി.

ഒരു ലൈംഗികതൊഴിലാളി, ഒരു ഹിജഡ, സന്ന്യാസമഠത്തിനുള്ളിലെ പീഡനങ്ങൾ സഹിക്കവയ്യാതെ അവിടെനിന്നും ഇറങ്ങേണ്ടി വന്നവർ, നീലച്ചിത്രങ്ങളിലെ നായിക, ദളിതർ എന്നിങ്ങനെ ശവംവാരി വരെയുള്ളവരുടെ ആത്മകഥകൾ മലയാളത്തിൽ ചർച്ചയായി. അരികുവൽക്കരിക്കപ്പെട്ട ഈ ജീവിതങ്ങളുടെ കഥപറച്ചിലുകളിലൂടെ ഈ സമൂഹത്തിന്റെ നെറികേടുകളും ഇരട്ടത്താപ്പുകളും കൂടുതൽ വെളിപ്പെട്ടു. വടിവൊത്ത ഭാഷയും വരേണ്യജീവിതസാഹചര്യങ്ങളും ബൗദ്ധിക/സർഗ്ഗാത്മക അരാചകത്വങ്ങളും ആഘോഷിച്ചിരുന്ന ഈ സാഹിത്യശാഖ സാധാരണക്കാരന്റെ ഭാഷ സംസാരിച്ചുതുടങ്ങി. അതുവരെ അവജ്ഞയോടെ തള്ളിക്കളഞ്ഞിരുന്ന ജീവിതാവസ്ഥകൾ സമൂഹത്തിന്റെ ക്രൂരതയുടെ സൃഷ്ടിയാണെന്ന തിരിച്ചറിവുണ്ടായി. അതായത്, ജീവിതനവീകരണം എന്ന ലക്ഷ്യത്തിൽനിന്നും ജീവിതയാഥാർത്ഥ്യത്തിന്റെ പരുക്കൻ വശങ്ങളിലേക്ക് ജീവിതമെഴുത്ത് എന്ന സാഹിത്യശാഖ പുനഃപ്രതിഷ്ഠിക്കപ്പെട്ടു. അവിടെ നവീകരിക്കപ്പെട്ടത് കാഴ്ചപ്പാടുകൾ മാത്രമായിരുന്നില്ല. മറിച്ച് സാഹിത്യത്തിന്റെ ഭാഷയും അതിന്റെ ഉപയോഗത്തിൽ ഉണ്ടാകുന്ന ജനാധിപത്യവൽക്കരണവുമായിരുന്നു. ഇത്തരത്തിൽ ഭാഷകൊണ്ടും ജീവിതാവസ്ഥകൊണ്ടും സമൂഹത്തിന്റെ ക്രൂരതകളുടെ അടയാളപ്പെടുത്തൽകൊണ്ടും വായന വേറിട്ട അവസ്ഥയിലേക്ക് ഉയർത്തിയ പുസ്തകമാണ് മരണക്കൂട്ട് – ഒരു 'ശവംവാരി'യുടെ ആത്മകഥ.

മരണക്കൂട്ട് – വിനുവിന്റെ ജീവിതം നിയാസിന്റെ എഴുത്ത്

ജൂൺ 2024ന് ആദ്യപതിപ്പായി മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകമാണ് മരണക്കൂട്ട് – ഒരു 'ശവംവാരി'യുടെ ആത്മകഥ. പത്രപ്രവർത്തകനായ നിയാസ് കരീം, പി. വിനുവിനോട് നടത്തിയ സംഭാഷണങ്ങളുടെ ആകെത്തുകയാണ് ഈ പുസ്തകം. പതിനാല് അധ്യായങ്ങളിലായി 150 പേജുകളിലാണ് പുസ്തകം സംവിധാനം ചെയ്തിരിക്കുന്നത്. കണ്ടുശീലിച്ച രേഖീയമായ ആഖ്യാനരീതികൾ മറികടന്നുകൊണ്ടാണ് വിനുവിന്റെ ജീവിതത്തിന്റെ അവസ്ഥകളെ നിയാസ് കരീം അവതരിപ്പിക്കുന്നതെന്ന് പറയാം. വിനുവിന്റെ ഭാഷാരീതികളോടും പ്രയോഗങ്ങളോടും നീതിപുലർത്തിക്കൊണ്ട് ഏതാണ്ട് ഒരുവർഷത്തോളം സമയമെടുത്താണ് ഈ പുസ്തകം തയ്യാറാക്കിയതെന്ന് പത്രപ്രവർത്തകനായ നിയാസ് പറയുന്നു.

വിനുവിന്റെ ജീവിതത്തിലെ, അയാൾ അഭിമുഖീകരിച്ച സന്ദർഭങ്ങളെയും വൈകാരികസംഘർഷങ്ങളെയും അതേ തീവ്രതയിൽതന്നെ ഈ കൃതി ചർച്ച ചെയ്യുന്നുണ്ട്. ആലുവാക്കാരനായ വിനുവിന്റെ ഭാഷണങ്ങളുടെ അച്ചടിച്ച രൂപമാണ് മരണക്കൂട്ടെന്ന് പറയാം. നിയാസ് കരീമുമായുള്ള സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്,

"വിനുവിന്റേതല്ലാത്ത അഭിപ്രായങ്ങളെ ഞാൻ ഇതിൽ ചേർത്തിട്ടില്ല. വിനുവിന്റെ ജീവിതസന്ദർഭങ്ങളിലോ ജീവിതത്തിൽ മൊത്തത്തിലോ ഒരു ഭാവനയോ അതിശയോക്തിയോ ഞാൻ കൂട്ടിച്ചേർക്കാൻ ശ്രമിച്ചിട്ടില്ല. വിനുവിന്റെ അവസ്ഥകളെ, അദ്ദേഹത്തിന്റെ ഷൂസിൽ കയറിനിന്നുകൊണ്ടാണ് പറഞ്ഞിരിക്കുന്നത്. പരമ്പരാഗത എഴുത്തുകാരല്ലാത്ത ആളുകൾക്കുവേണ്ടി എഴുതുമ്പോൾ സ്വീകരിക്കുന്ന ചില കരുതലുകൾ എടുക്കുമ്പോൾ തന്നെയും, അവരെ മറികടക്കുവാൻ ശ്രമിക്കാതിരിക്കുക എന്ന ജാഗ്രതയും ഇവിടുണ്ട്. വിനുവിന്റെ പേരിൽ വരുമ്പോഴാണ് ഇതിന് അതിന്റേതായ ഒരു മൂർച്ച ഉണ്ടാവുക എന്ന് ഞാൻ തിരിച്ചറിയുന്നുണ്ട്" (അദ്ദേഹവുമായി നടത്തിയ ഫോൺ സംഭാഷണത്തെ ആധാരമാക്കി).

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽനിന്നും വിനുവിന്റെ ജീവിതം പറയുന്ന ഈ പുസ്തകത്തിൽ ഒരുരീതിയിലും വെള്ളം ചേർക്കപ്പെട്ടിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. അതിതീവ്രമായ ഒരു ജീവിതാവസ്ഥയെ പൊതുമധ്യത്തിൽ ചർച്ചയാക്കുക എന്നതായിരുന്നു എഴുത്തുകാരനായ നിയാസ് കരീമിന്റെ ദൗത്യം. ഈ ദൗത്യനിർവ്വഹണത്തിൽ അദ്ദേഹം പൂർണ്ണമായും വിജയിച്ചിട്ടുണ്ടെന്ന് പറയാം. അതുകൊണ്ടുതന്നെ പി. വിനു എന്ന വ്യക്തിയുടെ ജീവിതത്തിന്റെ നേർപകർപ്പായി മരണക്കൂട്ട് – ഒരു 'ശവംവാരി'യുടെ ആത്മകഥ എന്ന ഗ്രന്ഥം പരിവർത്തനപ്പെടുന്നു. അതോടുകൂടി ഇവിടെ എഴുത്തുകാരൻ അപ്രസക്തനായിത്തീരുന്നുമുണ്ട്.

## വിനു അട്ടിമറിക്കുന്ന കാഴ്ചപ്പാടുകൾ

നിലവിലുള്ള സാമ്പ്രദായിക വിദ്യാഭ്യാസക്രമവും തൊഴിൽസങ്കല്പവും കുടുംബസങ്കല്പവും വിശ്വാസവും വിനുവിന്റെ ജീവിതത്തിൽ സൃഷ്ടിച്ചിട്ടുള്ളത് ഒഴിവാക്കലുകളുടെയും മാറ്റിനിർത്തലുകളുടെയും അനുഭവങ്ങൾ മാത്രമാണെന്ന് മരണക്കൂട്ടിന്റെ വായനയിൽ ആവർത്തിച്ച് ഉറപ്പിക്കപ്പെടുന്നുണ്ട്. എല്ലാ വിദ്യാർത്ഥികളെയും ഒരുപോലെ പരിഗണിക്കുന്ന വിദ്യാലയസംസ്കാരത്തിന്റെ നന്മനിറഞ്ഞ അധ്യാപകശ്രേഷ്ഠരെക്കുറിച്ച് മലയാളസാഹിത്യം ആവോളം പറഞ്ഞിട്ടുണ്ട്. പക്ഷെ, യാഥാർത്ഥ്യം പരുക്കൻ മുഖത്തോടെ വിനുവിന്റെ വാക്കുകളിൽ പ്രത്യക്ഷപ്പെടുന്നു.

"പഠിക്കുന്നോരെ മാത്രമേ സാറന്മാര് മൈൻഡ് ചെയ്യൂ, അല്ലാത്തോരൊക്കെ അവരുടെ കണ്ണിൽ ശല്യക്കാരാ, അവർക്കെന്തുകൊണ്ടാണ് പാഠങ്ങൾ തലേൽക്കേറാത്തതെന്നോ എന്താണവരുടെ പ്രശ്നമെന്നോ മനസ്സിലാക്കാൻ സാറന്മാർക്കും താല്പര്യമില്ല" (വിനു പി./ നിയാസ് കരീം, 2024:30).

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

മാർക്സ് വിഭാവനം ചെയ്ത വർഗബോധത്തിലേക്ക് നയിക്കുന്നില്ലെങ്കിൽകൂടി സമൂഹവും അതിന്റെ പരിച്ഛേദനമായ വിദ്യാലയങ്ങളും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വൈരുദ്ധ്യം ഭീകരമാംവിധം ശീലിപ്പിച്ചെടുക്കുന്നതിന്റെ നേർചിത്രം അധ്യാപകരെക്കുറിച്ചുള്ള വിനുവിന്റെ വാക്കുകൾ അടിവരയിട്ട് പറയുന്നുണ്ട്.
“നമ്മുടെ നാട്ടിലൊക്കെ കാശുള്ളവനേം അതില്ലാത്തവനേം സമൂഹം കാണുന്നത് രണ്ട് കണ്ണിലാണല്ലോ. എത്രയൊക്കെ പുരോഗമനം പറഞ്ഞാലും അതുള്ളതാ... അങ്ങനൊരു പരിപാടി സ്കൂളിലുണ്ടായിരുന്നു. പഠിക്കണോന്മാരും പഠിക്കാത്തോരും തമ്മിൽ. രണ്ട് കൂട്ടരും രണ്ട് തട്ടിലാ... എ ഡിവിഷനിൽ ഏറ്റവും നന്നായിട്ട് പഠിക്കുന്ന കുട്ടികൾ; സാറന്മാർക്ക് വേണ്ടപ്പെട്ടോര്. സി യിൽ ഒന്നും പഠിക്കാത്ത ഞങ്ങൾ; ആർക്കും വേണ്ടാത്തോര് ” (വിനു പി./നിയാസ് കരീം, 2024:39 – 40).

മരണത്തിൽ അഭയം പ്രാപിച്ചവരെ മണ്ണിലേക്ക് മടക്കി അയക്കുന്നത് തന്റെ തൊഴിലും കടമയും ഉത്തരവാദിത്തവും ചുമതലയും ദൗത്യവും ധർമ്മവുമായി കാണുന്ന വിനുവിനെ മാതാപിതാക്കളും ആദ്യഭാര്യയും മൃതദേഹം എടുക്കുന്ന തൊഴിലിൽ നിന്നും ഒഴിവാകുവാൻ നിർബന്ധിക്കുന്നുണ്ട്. അതിനുവേണ്ടി അയാൾക്ക് മറ്റു പലതൊഴിലുകളും വച്ചുനീട്ടുന്നുമുണ്ട്. എന്നാൽ വിനു എന്ന വ്യക്തിയ്ക്ക് അയാളുടെ ജീവിതാനുഭവങ്ങളിൽ നിന്നും എത്തിച്ചേർന്ന വ്യക്തതയാർന്ന ഒരു ഉത്തരമുണ്ട്. വിനുവിന്റെ ഭാഷയിൽ അത് ഇപ്രകാരമാണ്.
“ആ ജോലീൽ എനിക്കൊരിക്കലും സംതൃപ്തി കിട്ടൂല... ഒരിക്കലും പൂർണ്ണ മനസ്സോടെ എനിക്കത് ചെയ്യാമ്പറ്റൂല... എനിക്ക് എന്റെ ജോലി ചെയ്യാൻ തന്നെയാണ് താല്പര്യം” (വിനു പി./ നിയാസ് കരീം, 2024:80 – 81).

സാമ്പ്രദായിക വിദ്യാഭ്യാസവും അതിൽ മുഖ്യകണ്ണികളായി മാറുന്ന അധ്യാപക തൊഴിലാളികളും ഭൂരിഭാഗം വിദ്യാർത്ഥികളെയും ഒരുവിധത്തിലും ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാനുള്ളവണ്ണം സജ്ജരാക്കുന്നില്ലയെന്ന് വിനുവിന്റെ നേരനുഭവങ്ങൾ ഓർമ്മിപ്പിക്കുന്നുണ്ട്. സമൂഹത്തിന്റെ മുഖ്യധാര ആഘോഷമാക്കുന്ന കഴിവുകളും പഠനമികവും എങ്ങനെയെല്ലാമോ അന്യമാകുന്നവർക്ക് തെരുവ് ജീവിതപാഠങ്ങൾ പകരുമെന്ന് ഇവിടെ വെളിപ്പെടുന്നു. ഔപചാരികവിദ്യഭ്യാസം സൃഷ്ടിച്ചെടുക്കുന്ന അറിവുകൾ എത്ര അപക്വമാണെന്നും വിനു അടയാളപ്പെടുത്തുന്നുണ്ട്. ജീവിതത്തിന്റെ പുറംപോക്കുകളിൽ എല്ലാവരാലും തഴയപ്പെട്ട ഒരു കൂട്ടം മനുഷ്യർ വിനുവിന് നല്കിയത് ജീവിതത്തിന്റെ തെളിഞ്ഞ പാഠങ്ങളായിരുന്നു.
“എന്റെ എല്ലാ തിരിച്ചറിവുകൾക്കും പിന്നിൽ ആശാന്മാരായിരുന്നു. ജീവിതത്തിന്റെ അർത്ഥവും അർത്ഥമില്ലായ്മയും ഞാൻ ആദ്യം അറിയുന്നത് അവരിൽക്കൂടിയാ” (വിനു പി./നിയാസ് കരീം, 2024:85).

ഈ തിരിച്ചറിവുകളും മൂല്യബോധങ്ങളും വിനു പറഞ്ഞുപോകുമ്പോൾ ആത്മകഥാസാഹിത്യത്തിന്റെ വരേണ്യഭാഷയും രീതികളും തിരുത്തിയെഴുതുന്നുണ്ട്. വിദ്യാഭ്യാസം, സാമൂഹ്യമൂല്യങ്ങൾ മുതലായവയുടെ സാമ്പ്രദായിക അർത്ഥതലങ്ങളെ അദ്ദേഹം അട്ടിമറിക്കുന്നു. അതേ തീവ്രത വായനക്കാരന് നല്കുന്നതാകട്ടെ അയാളുടെ സ്വാഭാവിക സംസാരഭാഷയും. ഇത് ജീവിതനവീകരണങ്ങളിൽനിന്ന് ജീവിതയാഥാർത്ഥ്യത്തിലേക്കുള്ള രൂപാന്തരീകരണമാണെന്ന് പറയാം. മറ്റൊരുവാക്കിൽ ആത്മകഥാസാഹിത്യം അതിന്റെ വരേണ്യസ്വഭാവത്തിൽ നിന്നും ജനാധിപത്യവൽക്കരിക്കപ്പെടുകയാണ്. കാഴ്ചപ്പാടിലും ആശയവ്യക്തതയിലും വിനു നടത്തുന്ന ഈ അട്ടിമറികൾ ഭാഷയിലും സാഹിത്യത്തിലും നവഭാവുകത്വം സൃഷ്ടിക്കുന്നുണ്ട്.

വിനുവിന്റെ ജീവിതദർശനവും ഭാഷയുടെ സൗന്ദര്യശാസ്ത്രവും

ഒരു വ്യക്തിയുടെ സാമൂഹികവ്യക്തിത്വവും രാഷ്ട്രീയനിലപാടുകളും ആന്തരികവ്യക്തിത്വവുംകൂടി ചേരുന്നതിന്റെ ആകെത്തുകയെയാണ് അയാളുടെ ജീവിതദർശനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് (ഡോ. ആംനസ് ബേബി, 2022:9). സമൂഹത്തെക്കുറിച്ചുള്ള വിനുവിനുള്ള തിരിച്ചറിവ് അയാളുടെ ജീവിതത്തിൽനിന്നും അനുഭവിച്ചറിഞ്ഞതാണ്.
“...ഞാൻ സമൂഹത്തിന് വേണ്ടാത്തവനായി മാറിക്കൊണ്ടിരിക്കുകയായിരുന്നു... പുറമേനിന്ന് നോക്കുന്നവർക്കുമുന്നിൽ മെരുങ്ങി നിൽക്കുമ്പോഴും ഇരയായി കിട്ടുന്ന എലിയെ ഒറ്റയടിക്കു കൊല്ലാതെ തട്ടിക്കളിച്ചു സുഖിക്കുന്ന പൂച്ചയാണ് സമൂഹമെന്ന് പിന്നീടുള്ള ദിവസങ്ങളിൽ ഞാൻ തിരിച്ചറിഞ്ഞു” (വിനു പി./ നിയാസ് കരീം, 2024:64).
പരസ്പരം വിധിക്കുന്ന/പഴിചാരുന്ന ഈ ലോകക്രമത്തിൽ നിന്നും ആരേയും വിധിക്കാത്ത ഒരു ജീവിതരീതി വിനു സ്വായത്തമാക്കുന്നത് ലോകത്തിന്റെ വക്രതയാകെ തിരിച്ചറിഞ്ഞ ആശാന്മാരിൽ നിന്നുമായിരുന്നു.
“പലരുടെയും നല്ല വശങ്ങളെപ്പറ്റിയും പോലീസുകാരുടെ നല്ല മനസ്സിനെപ്പറ്റിയുമൊക്കെ അവര് പറയും. ആരുടേം കുറ്റം പറയൂല. അവര് ഒരിക്കൽപ്പോലും ആരെക്കുറിച്ചെങ്കിലും മോശം പറേണത് ഞാൻ കേട്ടിട്ടില്ല. അവര് പരസ്പരോം കുറ്റം പറയാറില്ല... ആരെയും ചൂണ്ടിക്കാട്ടത്തവര് കുറവാണെന്ന് ” (വിനു പി./ നിയാസ് കരീം, 2024:51–52).
ശവം വാരലും, അത് മറവുചെയ്യലും സമൂഹത്തിന് വളരെ ആവശ്യമാണെങ്കിൽകൂടി അത് ചെയ്യുന്ന വിനുവിന് പകൽ നിഷേധിക്കുന്ന സാമൂഹ്യക്രമത്തെ അയാൾ ഓർമ്മിച്ചെടുക്കുന്നുണ്ട്. അതിജീവിക്കാനുള്ള സ്വാഭാവിക ഇച്ഛ അദ്ദേഹത്തെ കൊണ്ടെത്തിച്ചത് മറ്റൊരു സ്വാതന്ത്ര്യത്തിലേക്കാണ്. ഇരുട്ടാണ് സത്യം, അതാണ് യാഥാർത്ഥ്യങ്ങളെ വെളിപ്പെടുത്തുന്നതെന്ന് വിനു പറഞ്ഞുവയ്ക്കുന്നു.
“പകൽവെട്ടത്തിലാണ് ആളുകൾ എന്നെ തിരിച്ചറിയുന്നതും മാറ്റിനിർത്തുന്നതും. അപ്പോൾ വെളിച്ചമാണ് പ്രശ്നം. രാത്രികളിൽ ഞാൻ സ്വതന്ത്രനാണ്. ഇരുട്ടാണ് ആശ്വാസം” (വിനു പി./ നിയാസ് കരീം, 2024:75).

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

രക്തബന്ധങ്ങളേയും കുടുംബബന്ധങ്ങളേയും കുറിച്ച് ഇടമുറിയാതെ പറയുന്ന മുഖ്യധാര മലയാളസാഹിത്യത്തിനെക്കുറിച്ച് അധികം പരിചയപ്പെട്ടത്തേണ്ടതില്ല. പക്ഷെ, തിരിച്ചറിവുകളിൽനിന്നും വിനു പറയുന്ന അഭിപ്രായങ്ങൾ മറ്റൊരു സാമൂഹിക യാഥാർത്ഥ്യത്തിന്റെ നേർസാക്ഷ്യമാണ്. അതിന്റെ ആഘാതശേഷി വളരെ വലുതാണെന്നും പറയാം.

“ഈ ഫാമിലി, ബന്ധുമിത്രാദികൾ പറയുന്ന സംഭവമില്ലേ, നമ്മുടെ ഈ ശരീരമൊന്ന് ചീഞ്ഞാൽ തീരാവുന്നതേയുള്ളു അതൊക്കെ. കുറേക്കാലമൊക്കെ അവർ സഹിച്ച് നിൽക്കും, പിടിച്ച് നിൽക്കും. പിന്നെ...!” (വിനു പി./ നിയാസ് കരീം, 2024:97–98).

ജീവിതത്തെ കനപ്പെട്ട ആശയങ്ങളിലൂടെ അതിസങ്കീർണമായി അവതരിപ്പിക്കുന്ന ആധുനിക – ഉത്തരാധുനികരീതികളിൽ ജീവിതത്തെ മൂന്ന് വരികളിലൂടെ നിർവചിക്കാൻ വിനുവിനെ പ്രാപ്തനാക്കിയത് ഓവർബ്രിഡ്ജിന്റെയും, പാലങ്ങളുടെയും അടിയിൽ അന്തിയുറങ്ങിയ, ശവംവാരികളായ ഊരും പേരുമില്ലാത്ത ആശാന്മാരായിരുന്നു എന്നതും വസ്തുതയാണ്.

“മണ്ണ് – ഇന്നല്ലെങ്കിൽ നാളെ മലന്നടിച്ച് വീഴാനുള്ളത് മണ്ണ് (മലക്കാനുള്ളത് മണ്ണ്), പെണ്ണ് – വെട്ടിപ്പൊളിച്ചാ നാല് പീസ്, പണം – തിന്നാനും കുറാനും തൊടക്കാനുമുള്ളത് പണം” (വിനു പി./ നിയാസ് കരീം, 2024: 121).

മതവിശ്വാസത്തെക്കുറിച്ചുള്ള പലവിധ ആശയങ്ങളുടെ യുക്തിയും യുക്തിരാഹിത്യവും നിരന്തരം വലിച്ചിഴച്ച് ചർച്ച ചെയ്യുന്ന സാംസ്കാരിക കേരളത്തിന് വിനുവിന്റെ അഭിപ്രായം അമ്പരപ്പുളവാക്കുന്നുണ്ട്. മരണത്തിന് മറ്റൊരു മതമില്ല എന്നതാണ് വിനു തിരിച്ചറിയുന്ന വലിയ സത്യം.

“തീർച്ചയായും ഞാനുമൊരു വിശ്വാസിയാ, ഞാൻ കണ്ടിട്ടുള്ള ഏറ്റവും വലിയ സത്യത്തിലാ എന്റെ വിശ്വാസം. അത് മരണമല്ലാതെ മറ്റൊന്നില്ല” (വിനു പി./ നിയാസ് കരീം, 2024:114).

ഉപദർശനങ്ങൾ

ഇതുവരെ പറഞ്ഞുവച്ചത് വിനുവിന്റെ ജീവിതദർശനത്തിന്റെ പല അടരുകളാണ്. മറ്റൊരുവാക്കിൽ മേല്പറഞ്ഞവയുടെ ആകെത്തുകയാണ് വിനുവിന്റെ ജീവിതദർശനം. യാഥാർത്ഥ്യത്തിന്റെ ഉരകല്ലിൽ രാകിമിനുക്കിയ ജീവിതകാഴ്ചപ്പാട് അതിന്റെ എല്ലാവിധ തീവ്രതയിലും വായനയെ ബാധിപ്പിക്കുന്നത് അതിന്റെ ഭാഷയിലെ സ്വാഭാവികത കൊണ്ടാണെന്ന് ഉറപ്പിക്കാം. ജീവിതത്തിന്റെ മൂർച്ചയെ ഒരുവിധ അലങ്കാരങ്ങളുമില്ലാതെ മുഖ്യധാരയിൽ ചർച്ചയാക്കുവാൻ വിനു എന്ന അത്യന്തം അരികുവൽക്കരിക്കപ്പെട്ട മനുഷ്യന് മരണക്കൂട്ടിലൂടെ സാധ്യമാകുന്നതിന്റെ ഒരു പ്രധാന കാരണം അതിലെ ഭാഷയുടെ വാർച്ച തന്നെയാണ്. അതാവട്ടെ ഒരു സാഹിത്യശാഖയുടെ ആകെ ജനാധിപത്യവൽക്കരണവും അപരിഷ്കൃതമെന്ന് മുദ്രകുത്തപ്പെടുന്ന ഒരു ലോകത്തിന്റെ തെളിമയുള്ള ജീവിതാവബോധവും അടയാളപ്പെടുത്തുന്നുണ്ട്.

ആത്യന്തികമായി മരണക്കൂട്ട് കയ്യിലെടുക്കുന്ന ഏതൊരു വായനക്കാരനും സ്വാനുഭവങ്ങളല്ലാത്ത ജീവിതങ്ങൾ കൺമുമ്പിൽ തെളിയുമ്പോൾ അയാളിൽ അല്പമെങ്കിലും മനുഷ്യത്വം അവശേഷിക്കുന്നുണ്ടെങ്കിൽ അസ്വസ്ഥതയും അപമാനഭാരവും നിറയുമെന്ന് തീർച്ച. സാംസ്കാരിക സമ്പന്നമെന്ന് അഭിമാനിക്കുന്ന കേരളത്തിലെ ഏറ്റവും സത്യസന്ധമായ കെട്ടുകഥകളിലൊന്നാണ് വിനുവിന്റെ ജീവിതം.

**ഗ്രന്ഥസൂചി**

1. ജെസ്മി, സിസ്റ്റർ, ആമേൻ, ഡി.സി.ബുക്സ്, കോട്ടയം, 2011.
2. ജെറീന, ഒരു മലയാളി ഹിജഡയുടെ ആത്മകഥ, ഡി.സി.ബുക്സ്, കോട്ടയം, 2013.
3. ജോർജ്, കെ. എം., ഡോ., (എഡി.,), ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം, 2011.
4. ജോൺസൺ, കുടിയന്റെ കുമ്പസാരം, ഡി.സി.ബുക്സ്, കോട്ടയം, 2014.
5. നളിനി ജമീല, ഞാൻ ലൈംഗികത്തൊഴിലാളി, ഡി.സി.ബുക്സ്, കോട്ടയം, 2006.
6. പരമേശ്വരൻപിള്ള, എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം, 2019.
7. പൊക്കുടൻ, കല്ലേൽ, കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, ഡി.സി.ബുക്സ്, കോട്ടയം, 2015.
8. മണിയൻപിള്ള, തസ്കരൻ, ഡി.സി.ബുക്സ്, കോട്ടയം, 2024.
9. രാമചന്ദ്രൻനായർ, പന്മന, പ്രൊഫ., (എഡി.,), സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, കറന്റ് ബുക്സ്, കോട്ടയം, 2010.
10. ലൂസി കളപ്പുര, സിസ്റ്റർ, കർത്താവിന്റെ നാമത്തിൽ, ഡി.സി.ബുക്സ്, കോട്ടയം, 2019.
11. വിനു പി./നിയാസ് കരീം, മരണക്കൂട്ട് – ഒരു ശവംവാരിയുടെ ആത്മകഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2024.

**ഗവേഷണ പ്രബന്ധങ്ങൾ**

1. ആംനസ് ബേബി, ഡോ., “ജീവിതദർശനവും ഭാവുകത്വവും കെ. ജി. ജോർജിന്റെ ചലച്ചിത്രങ്ങളിൽ”, അപ്രകാശിതപ്രബന്ധം, മലയാളവിഭാഗം, മധുരൈ കാമരാജ് യൂണിവേഴ്സിറ്റി, മധുരൈ, 2021.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

About the researcher:
ഡോ. ആംനസ് ബേബി
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,
പാവനാത്മ കോളേജ്, മുരിക്കാശ്ശേരി

Email: amnusbaby@gmail.com
Mob: 9400768068